ENTRI


1 Crore User Downloads

# MONTHLY CURRENT AFFAIRS MAY 2024



# INDEX


- കാൻ അന്താരാഷ്ട്ര ചലച്ചിത്രമേള 2024
- പത്മപ്രഭാ പുരസ്കാരം 2023
- അന്താരാഷ്ട്ര ബുക്കർ സമ്മാനം 2024
- സത്യജിത് റേ ഫിലിം സൊസൈറ്റി ചലച്ചിത്ര പുരസ്കാരം 2024
- ഐപിഎൽ 2024
- ഐഎസ് എൽ
- സുനിൽ ഛേത്രി
- ലോകം
- ഇന്ത്യ
- കേരളം
- കായികം
- സാഹിത്യം
- മറ്റ് പുരസ്കാരങ്ങൾ
- ശാസ്ത്ര സാങ്കേതിക മേഖല
- ഇന്ത്യ - പദ്ധതികൾ
- കേരളം - പദ്ധതികൾ
- നിയമനങ്ങൾ
- വിയോഗം
- റാങ്കിങ്
- വേദികൾ
- പ്രധാന ദിനങ്ങൾ

## കാൻ അന്താരാഷ്ട്ര ചലച്ചിത്രമേള 2024

- **77-ാമത് കാൻ അന്താരാഷ്ട്ര ചലച്ചിത്രമേള**
- **മികച്ച ചിത്രത്തിനുള്ള പാം ഡി  ഓർ പുരസ്കാരം കരസ്ഥമാക്കിയത് - അനോറ**

⇒ യു.എസ്. സംവിധായകൻ സീൻ ബേക്കർ സംവിധാനം ചെയ്ത ചിത്രമാണ് അനോറ.

- **ഗ്രാൻഡ് പ്രി പുരസ്കാരം കരസ്ഥമാക്കിയ ഇന്ത്യൻ ചിത്രം- ഓൾ വി ഇമാജിൻ ആസ് ലൈറ്റ്**

⇒ പായൽ കപാഡിയ സംവിധാനം ചെയ്ത ചിത്രമാണ് ഓൾ വി ഇമാജിൻ ആസ് ലൈറ്റ്.

⇒ ഇന്ത്യൻ സംവിധായകയുടെ കാൻ മത്സരവിഭാഗത്തിലെ ആദ്യ സിനിമ എന്ന പ്രത്യേകതയും ഏകദേശം മൂന്ന് പതിറ്റാണ്ടിനിടെ പാം ഡി ഓർ പുരസ്കാരത്തിനായി മത്സരിച്ച സിനിമ എന്ന പ്രത്യേകതയും ഈ ഇന്ത്യൻ സിനിമയ്ക്കുണ്ട്.

⇒ മലയാളി നഴ്സുമാരുടെ മുംബൈ ജീവിതത്തിലെ സംഘർഷങ്ങളുടെയും അതിജീവനത്തിന്റെയും കഥയാണ് ‘ഓൾ വി ഇമാജിൻ ആസ് ലൈറ്റ്.

⇒ മലയാള നടിമാരായ ദിവ്യപ്രഭയും കനി കുസൃതിയുമാണ് ചിത്രത്തിൽ പ്രധാന വേഷത്തിലെത്തുന്നത്.

- **രാജ്യാന്തര തലത്തിലെ പ്രഗത്ഭരായ ഛായാഗ്രാഹകർക്ക് നൽകിയ വരുന്ന പിയർ ആഞ്ജിനോ പുരസ്കാരത്തിന് അർഹനായ മലയാളി ഛായാഗ്രാഹകൻ - സന്തോഷ് ശിവൻ**

⇒ ഈ നേട്ടം സ്വന്തമാക്കുന്ന ആദ്യ ഏഷ്യക്കാരനാണ് സന്തോഷ് ശിവൻ.

- **അൺ സെർട്ടെൻ റിഗാർഡ് വിഭാഗത്തിൽ മികച്ച നടിയായി തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യക്കാരിയായ നടി - അനസൂയ സെൻഗുപ്ത**

⇒ ബൾഗേറിയൻ സംവിധായകൻ കോൺസ്റ്റന്റൈൻ ബൊചാനോവ് സംവിധാനം ചെയ്ത 'ദി ഷെയിംലെസ്സ് ' എന്ന ചിത്രത്തിലെ അഭിനയത്തിനാണ് പുരസ്കാരം.

⇒ ഈ പുരസ്കാരം സ്വന്തമാക്കുന്ന ആദ്യ ഇന്ത്യക്കാരിയാണ് അനസൂയ സെൻഗുപ്ത.


ENTRI

## പത്മപ്രഭാ പുരസ്കാരം 2023

- 2023-ലെ പത്മപ്രഭാ പുരസ്കാരത്തിന് അർഹനായ കവിയും ഗാനരചയിതാവുമായ വ്യക്തി - റഫീക്ക് അഹമ്മദ്

⇒ തൃശൂർ ജില്ലയിലെ കുന്നംകുളം താലൂക്കിലെ അക്കിക്കാവിൽ 1961 ഡിസംബർ 17ന് ജനനം.

⇒ 1980-കളുടെ തുടക്കത്തിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച തോണിയാത്രയാണ് ആദ്യകവിത.

⇒ കേരള സാഹിത്യ അക്കാദമി അവാർഡ്,വൈലോപ്പിള്ളി അവാർഡ്, ഓടക്കുഴൽ പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

## അന്താരാഷ്ട്ര ബുക്കർ സമ്മാനം 2024

- 2024ലെ അന്താരാഷ്ട്ര ബുക്കർ സമ്മാനത്തിന് അർഹയായ എഴുത്തുകാരി - ജെന്നി ഏർപെൻബെക്ക്

⇒ ജെന്നി ഏർപെൻബെക്കിന്റെ കെയ്റോസ് എന്ന നോവലിനാണ് പുരസ്കാരം.

⇒ പുരസ്കാരം നേടുന്ന ആദ്യ ജർമൻ എഴുത്തുകാരിയാണ് ജെന്നി ഏർപെൻബെക്ക്.

⇒ മിഖായേൽ ഹോഫ്മാൻ ആണ് കൃതി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത്.

⇒ 2023-ലെ അന്താരാഷ്ട്ര ബുക്കർ സമ്മാന ജേതാവ് - ജോർജി ഗോസ്പിഡനോ (പുസ്തകം- ടൈം ഷെൽട്ടർ)

## സത്യജിത് റേ ഫിലിം സൊസൈറ്റി ചലച്ചിത്ര പുരസ്കാരം 2024

⇒ സത്യജിത് റേ പുരസ്കാരത്തിന് അർഹയായത് - ഷീല

⇒ ഗുരുപൂജാ പുരസ്കാരത്തിന് അർഹനായത് - രാഘവൻ

⇒ സാഹിത്യ പുരസ്കാരത്തിന് അർഹനായത് - പ്രഭാവർമ്മ

⇒ മികച്ച ചിത്രം- കൂത്താട്

⇒ മികച്ച സംവിധായകൻ - ഷമീർ ഭരതന്നൂർ

⇒ മികച്ച നടൻ- വിനോദ് കുമാർ കരിച്ചേരി

⇒ മികച്ച നടി- ശാലു മേനോൻ

## ഐ പി എൽ 2024

- ഇന്ത്യൻ പ്രീമിയർ ലീഗ് 17-ാം സീസൺ
- കിരീട ജേതാക്കൾ - കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്

⇒ ഫൈനലിൽ സൺറൈസേഴ്സ് ഹൈദരാബാദിനെ പരാജയപ്പെടുത്തിയാണ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് കിരീടം സ്വന്തമാക്കിയത്.

⇒ കൊൽക്കത്തയുടെ മൂന്നാം ഐ.പി.എൽ കിരീടമാണിത്.

⇒ പ്ലെയർ ഒഫ് ദ ഫൈനൽ : മിച്ചൽ സ്റ്റാർക്ക്

- ഓറഞ്ച് ക്യാപ്പ് (കൂടുതൽ റൺസ്) : വിരാട് കോലി
- പർപ്പിൾ ക്യാപ്പ്(കൂടുതൽ വിക്കറ്റ്) : ഹർഷൽ പട്ടേൽ
- പ്ലെയർ ഒഫ് സീസൺ : സുനിൽ നരെയ്ൻ
- എമേർജിംഗ് പ്ലെയർ : നിതീഷ് കുമാർ റെഡ്ഡി

## ഐ എസ് എൽ

- ഐഎസ് എൽ 10-ാം സീസൺ കിരീടം കരസ്ഥമാക്കിയത് - മുംബൈ സിറ്റി

⇒ ഫൈനലിൽ മോഹൻ ബഗാനെ 3-1 ന് തോൽപ്പിച്ചാണ് മുംബൈ സിറ്റി കിരീടം സ്വന്തമാക്കിയത്.

⇒ ഗോൾഡൻ ബൂട്ട് - ദിമിത്രിയോസ് ഡയമന്റക്കോസ് (കേരള ബ്ലാസ്റ്റേഴ്സ്)

⇒ ഗോൾഡൻ ഗ്ലൌ - ഫുർബലചെൻപ (മുംബൈ സിറ്റി എഫ് സി)

⇒ പ്ലെയർ ഓഫ് ദി ലീഗ് - ദിമിത്രിയോസ് പെട്രറ്റോസ് (മോഹൻ ബഗാൻ)

⇒ എമേർജിംഗ് പ്ലെയർ - വിക്രം പ്രതാപ് സിംഗ് (മുംബൈ സിറ്റി)

## സുനിൽ ഛേത്രി

- അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച ഇന്ത്യൻ ഫുട്ബോൾ താരം - സുനിൽ ഛേത്രി

⇒ ജൂൺ 6 ന് കൊൽക്കത്തയിൽ കുവൈത്തിനെതിരായ ഫിഫ ലോകകപ്പ് യോഗ്യതാ മത്സരമാണ് ദേശീയ ടീമിന് വേണ്ടിയുള്ള അവസാന മത്സരം.

⇒ 2005 ജൂൺ 12-ന് പാകിസ്താനെതിരേ സൗഹൃദ മത്സരത്തിലായിരുന്നു ഛേത്രിയുടെ അരങ്ങേറ്റം. ആ


ENTRI

കളിയിൽതന്നെ ഗോളും നേടി.

⇒ 2011-ൽ അർജുന പുരസ്കാരവും 2019-ൽ പദ്മശ്രീ ബഹുമതിയും ലഭിച്ചു.

⇒ ആറു തവണ രാജ്യത്തെ മികച്ച ഫുട്ബോൾ താരമായി തിരഞ്ഞെടുക്കപ്പെട്ടു.

**റെക്കോഡുകൾ :**

⇒ അന്താരാഷ്ട്ര ഫുട്ബോളിൽ സജീവമായി കളിക്കുന്നവരിൽ ഗോൾനേട്ടത്തിൽ മൂന്നാം സ്ഥാനം.

⇒ ഇന്ത്യയ്ക്കായി കൂടുതൽ അന്താരാഷ്ട്ര മത്സരം കളിച്ചതിന്റെയും ഗോളുകൾ നേടിയതിന്റെയും റെക്കോഡ്.

⇒ അന്താരഷ്ട്ര ഫുട്ബോളിൽ 50 ഗോളുകൾ നേടിയ ആദ്യ ഇന്ത്യൻ താരം.

⇒ ഒരു ടൂർണമെന്റിന്റെ ഫൈനലിൽ ഹാട്രിക് നേടിയ ഏക ഇന്ത്യൻ താരം(എഎഫ്സി ചലഞ്ച് കപ്പ് 2008).

**ലോകം**

• 2024-ലെ ലോക പുസ്തക തലസ്ഥാനമായി യുനെസ്കോ തിരഞ്ഞെടുത്തത് – സ്ട്രാസ്ബർഗ് , ഫ്രാൻസ്

• 2024 ഏപ്രിലിൽ പ്രളയത്തിൽ തകർന്ന കിജാബെ അണക്കെട്ട് സ്ഥിതിചെയ്യുന്ന രാജ്യം - കെനിയ

• ഇന്ത്യയുടെ സഹായത്തോടെ നവീകരിക്കുന്ന ശ്രീലങ്കൻ തുറമുഖം - കാങ്കസന്തുറൈ തുറമുഖം

• 2024 ലോക പത്രസ്വാതന്ത്ര്യ ദിന സമ്മേളനത്തിന് ആതിഥേയത്വം വഹിച്ചത് - സാന്റിയാഗോ , ചിലി

⇒ 31-ാമത് സമ്മേളനമാണ് ചിലിയിൽ നടന്നത്.

• ചൈന പൂർണമായും തദ്ദേശീയമായി നിർമ്മിച്ച അത്യാധുനിക വിമാനവാഹിനി കപ്പൽ - ഫുജിയാൻ

• 2024 മെയിൽ ഇസ്രയേലിൽ പ്രവർത്തനം അവസാനിപ്പിച്ച വാർത്താചാനൽ - അൽ ജസീറ

⇒ ചാനൽ പൂട്ടാൻ ഇസ്രയേൽ മന്ത്രിസഭ തീരുമാനിച്ചതോടെയാണ് ഖത്തറിന്റെ ഉടമസ്ഥതയിലുള്ള


ENTRI

വാർത്താചാനലായ അൽ ജസീറ ഇസ്രയേലിൽ പ്രവർത്തനം അവസാനിപ്പിച്ചത്.

• ആസ്ട്രാസെനക്ക എന്ന ഫാർമ കമ്പനി വിപണിയിൽ നിന്ന് പിൻവലിച്ച കോവിഡ്-19 വാക്സിൻ - കോവിഷീൽഡ്

⇒ പൂനയിലെ സീറം ഇൻസ്റ്റിറ്റ്യൂട്ട് ആണ് ഇതേ വാക്സീൻ ഇന്ത്യയിൽ കോവിഷീൽഡ് എന്ന പേരിൽ വിപണിയിലെത്തിച്ചിരുന്നത്. യൂറോപ്പിലും മറ്റും വാക്സെവരിയ എന്ന പേരിലായിരുന്നു വിതരണം.

• ഗോൾഡൻ വിസയ്ക്ക് സമാനമായി പത്തുവർഷം സാധുതയുള്ള ഗെയിമിങ് വിസ അവതരിപ്പിച്ചത് - ദുബായ്

⇒ ഇ-ഗെയിമിങ് മേഖലയിലെ പ്രശസ്തരെ ദുബായിലേക്ക് ആകർഷിക്കുക, ഇ-ഗെയിമിങ് പ്രൊഫഷണലുകളുടെ കഴിവുകൾ വികസിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടാണ് പുതിയ വിസ അവതരിപ്പിച്ചത്.

• വാണിജ്യ മന്ത്രാലയത്തിന്റെ പുതിയ കണക്കുകൾ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാര പങ്കാളിയായി മാറിയ രാജ്യം - ചൈന

• 2024 മെയിൽ പൊട്ടിത്തെറിച്ച 'ഇബു' അഗ്നിപർവ്വതം സ്ഥിതിചെയ്യുന്ന രാജ്യം - ഇന്തോനേഷ്യ

• ലോകത്തിലാദ്യമായി 6G ഡിവൈസ് പുറത്തിറക്കിയ രാജ്യം - ജപ്പാൻ

• ഇന്റർനാഷണൽ സോളാർ അലയൻസിൽ (ഐഎസ്എ) അംഗമായ 99-ാമത്തെ രാജ്യം - സ്പെയിൻ

## ഇന്ത്യ

• ഗുജറാത്തിലെ ബന്നി സമതലത്തിൽ നാസയുടെ ലാന്റ്സാറ്റ് 8 ഉപഗ്രഹം കണ്ടെത്തിയ ഗർത്തം – ലൂണ ഇംപാക്റ്റ് ക്രേറ്റർ

⇒ 6900 വർഷങ്ങൾക്ക് മുമ്പ് ഉൽക്ക പതിച്ചുണ്ടായതാണ് ഗർത്തം.

• 46-ാമത് അന്റാർട്ടിക് ട്രീറ്റി കൺസൾട്ടേറ്റീവ് മീറ്റിംഗിന് ആതിഥേയത്വം വഹിക്കുന്ന രാജ്യം - ഇന്ത്യ

• 2025-ലെ ബിഡബ്ല്യുഎഫ്  ലോക ജൂനിയർ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന് ആതിഥേയത്വം വഹിക്കുന്നത് – ഇന്ത്യ

• 2024 മെയിൽ കുസാറ്റിലെ മറൈൻ ബയോളജി വകുപ്പിലെ ഗവേഷകർ തമിഴ്നാട്ടിലെ മണ്ഡപം തീരത്തു നിന്നും കണ്ടെത്തിയ പുതിയ ഇനം ജലക്കരടി – ബാറ്റിലിപ്സ് ചന്ദ്രയാനി

⇒ ഐഎസ്ആർഒയുടെ  ചന്ദ്രയാൻ 3 നോടുള്ള ആദരസൂചകമായാണ് ബാറ്റിലിപ്സ് ചന്ദ്രയാനി എന്ന് പേര് നൽകിയത്.

• ദുബായിൽ നിന്നും 18.6 കോടിയുടെ സ്വർണ്ണം കടത്തിയെന്ന വാർത്തകൾ പുറത്ത് വന്നതോടെ രാജിവെച്ച മുംബൈയിലെ അഫ്ഗാൻ കോൺസൽ ജനറൽ - സാക്കിയ വർദ

• ഇന്ത്യയിലെ ആദ്യത്തെ ഹൈബ്രിഡ് ക്രിക്കറ്റ് പിച്ച് നിലവിൽ വന്നത് - ധരംശാല , ഹിമാചൽപ്രദേശ്

⇒ സ്വാഭാവിക ടർഫിനൊപ്പം സിന്തറ്റിക് ഫൈബർ കൂടി ചേർത്താണ് ഹൈബ്രിഡ് പിച്ചുകൾ നിർമിക്കുന്നത്. പിച്ചിന്റെ സ്ഥിരത നിലനിർത്തുക, കാലങ്ങളോളം ഈടുനിൽക്കുക, പിച്ച് പരിപാലനം എളുപ്പമാക്കുക എന്നിവയാണ് ഹൈബ്രിഡ് പിച്ചുകളുടെ ലക്ഷ്യം.

• ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ എവറസ്റ്റ് 29-ാം തവണയും കീഴടക്കിയ നേപ്പാളി പർവതാരോഹകൻ - കാമി റീത്ത ഷെർപ്പ

⇒ 'എവറസ്റ്റ് മനുഷ്യൻ' എന്നറിയപ്പെടുന്ന കാമി റീത്തയുടെ പേരിലാണ് എവറസ്റ്റ് ഏറ്റവും കൂടുതൽ തവണ കീഴടക്കിയതിന്റെ റെക്കോഡ്.

• ഇറാനിലെ തന്ത്രപ്രധാനമായ ചബഹാർ ഷാഹിദ് ബെഹെഷ്തി തുറമുഖ ടെർമിനലിന്റെ നടത്തിപ്പിനായി 2024 മെയിൽ ഇറാനുമായി  കരാറൊപ്പിട്ട രാജ്യം - ഇന്ത്യ

⇒ പത്തുവർഷത്തേക്ക് ഇന്ത്യക്കാണ് നടത്തിപ്പുചുമതല

⇒ ആദ്യമായാണ് ഒരു വിദേശതുറമുഖത്തിന്റെ നടത്തിപ്പുചുമതല vഇന്ത്യ ഏറ്റെടുക്കുന്നത്.


ENTRI

• മില്ലറ്റുകളുടെ ചരിത്രപരമായ പ്രാധാന്യവും ആധുനിക പ്രസക്തിയും ഉയർത്തിക്കാട്ടിക്കൊണ്ട്, ഗൂഗിൾ ആർട്സ് & കൾച്ചർ, ഇന്ത്യയുടെ കൃഷി, കർഷക ക്ഷേമ മന്ത്രാലയവുമായി സഹകരിച്ച് അവതരിപ്പിച്ച ഡിജിറ്റൽ എക്സിബിഷൻ - മില്ലറ്റ്സ്: സീഡ്സ് ഓഫ് ചേഞ്ച്

• 2024 മെയിൽ മാസഗോൺ ഡോക്ക് ലിമിറ്റഡിന്റെ (MDL) 250-ാം വാർഷികത്തിന്റെ ഭാഗമായി പുറത്തിറക്കിയ നാണയം - 250 രൂപ നാണയം

• ബഹിരാകാശത്തെത്തുന്ന ആദ്യ ഇന്ത്യൻ വിനോദസഞ്ചാരി – ഗോപിചന്ദ് തോട്ടക്കുറ

⇒ അമേരിക്കൻ ബഹിരാകാശ കമ്പനിയായ ബ്ലൂ ഒറിജിന്റെ എൻ.എസ് 25 ദൗത്യത്തിലായിരുന്നു ഇന്ത്യക്കാരനായ ഗോപിചന്ദ് തോട്ടക്കുറ ഉൾപ്പെടെ ആറ് വിനോദസഞ്ചാരികൾ ബഹിരാകാശത്തു പോയി വിജയകരമായി തിരിച്ചുവന്നത്.

⇒ ആന്ധ്രപ്രദേശ് വിജയവാഡ സ്വദേശിയാണ് ഗോപിചന്ദ് തോട്ടക്കുറ.

• അന്റാർട്ടിക്കയിൽ ഇന്ത്യ സ്ഥാപിക്കുന്ന പുതിയ ഗവേഷണകേന്ദ്രം - മൈത്രി 2

⇒ അന്റാർട്ടിക്കയിൽ മൈത്രി, ഭാരതി എന്നീ 2 ഗവേഷണ കേന്ദ്രങ്ങളാണ് ഇന്ത്യയ്ക്കുള്ളത്.

• വംശനാശ ഭീഷണി നേരിടുന്ന പോളോ പോണിയെ സംരക്ഷിക്കാൻ 30 ഏക്കർ പുൽമേടുകൾ അനുവദിച്ച സംസ്ഥാനം - മണിപ്പൂർ

• 2024 മെയിൽ ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട ചുഴലിക്കാറ്റ് - റിമാൽ

⇒ ഒമാൻ ആണ് ചുഴലിക്കാറ്റിന് റിമാൽ എന്ന് പേര് നൽകിയത്.

⇒ റിമാൽ എന്ന പേരിന് അർത്ഥം മണൽ എന്നാണ്.

• മാവോയിസ്റ്റ് ഭീഷണിയെ തുടർന്ന് പദ്മശ്രീ പുരസ്കാരം തിരികെ നൽകുന്നതായി പ്രഖ്യാപിച്ച പാരമ്പര്യ വൈദ്യൻ - ഹേം ചന്ദ് മാഞ്ചി

• എവറസ്റ്റ് കീഴടക്കിയ ഇന്ത്യയിലെ ഏറ്റവും പ്രായം കൂടിയ

വനിത എന്ന നേട്ടം സ്വന്തമാക്കിയത് - ജ്യോതി രാത്രെ

• 13 ദിവസങ്ങൾക്കുള്ളിൽ ഒരേ സീസണിൽ മൂന്ന് തവണ എവറസ്റ്റ് കീഴടക്കിയ ലോകത്തിലെ ആദ്യത്തെ വനിതയെന്ന നേട്ടം സ്വന്തമാക്കിയത് - പൂർണിമ ശ്രേഷ്ഠ

• നേപ്പാൾ സൈഡിൽ നിന്ന് എവറസ്റ്റ് കീഴടക്കിയ ഏറ്റവും പ്രായംകുറഞ്ഞ ഇന്ത്യക്കാരി എന്ന നേട്ടം സ്വന്തമാക്കിയത് - കാമ്യ കാർത്തികേയൻ

• ഒരു സീസണിൽ രണ്ട് തവണ എവറസ്റ്റ് കൊടുമുടിയും ലോത്സെ കൊടുമുടിയും കീഴടക്കിയ ആദ്യ വ്യക്തി എന്ന നേട്ടം സ്വന്തമാക്കിയ ഇന്ത്യക്കാരൻ - സത്യദീപ് ഗുപ്ത

• ഫോബ്സ് മാസിക പുറത്തുവിട്ട ലോകത്തെ ഏറ്റവും സമ്പന്നരായ സ്ത്രീകളുടെ പട്ടികയിൽ അഞ്ചാം സ്ഥാനം കരസ്ഥമാക്കിയ ഇന്ത്യക്കാരി – സാവിത്രി ജിൻഡാൽ

## കേരളം

• ട്രിപ് അഡ്വൈസറിന്റെ 2024ലെ ട്രാവലേഴ്സ് ചോയ്സ് അവാർഡിൽ, ലോകത്തിലെ ഏറ്റവും മികച്ച 25 ഹോട്ടലുകളുടെ പട്ടികയിൽ പതിനൊന്നാമത്തെയും ഇന്ത്യയിലെ ഒന്നാമത്തെയും സ്ഥാനം കരസ്ഥമാക്കിയ മൂന്നാറിലെ പഞ്ചനക്ഷത്ര ഹോട്ടൽ
- ചാണ്ടീസ് വിൻഡീവുഡ്സ്

• ഉഷ്ണ തരംഗം പ്രഖ്യാപിക്കപ്പെട്ട കേരളത്തിലെ രണ്ടാമത്തെ ജില്ല – തൃശ്ശൂർ

⇒ ഉഷ്ണതരംഗം പ്രഖ്യാപിക്കപ്പെട്ട കേരളത്തിലെ ആദ്യ ജില്ല - പാലക്കാട്

• സംസ്ഥാനത്തെ ആദ്യ ഐ.എസ്.ഒ സർട്ടിഫൈഡ് ട്രാഫിക് പോലീസ് സ്റ്റേഷൻ ആകാൻ ഒരുങ്ങുന്നത് - തൃശൂർ സിറ്റി ട്രാഫിക് എൻഫോഴ്സ്മെന്റ് സ്റ്റേഷൻ

⇒ 2025 ജനുവരി ഒന്നോടെ മുഴുവൻ അധ്യാപകർക്കും എ ഐ പരിശീലനം ലഭിച്ച ആദ്യ സംസ്ഥാനമായി മാറുന്നത് - കേരളം

• പ്രാഥമിക സഹകരണ ബാങ്കുകളുടെ സാമ്പത്തിക അച്ചടക്കവും, പ്രവർത്തനവും വിലയിരുത്തി റേറ്റിംഗ് നിശ്ചയിക്കാൻ ഒരുങ്ങുന്ന ബാങ്ക് - കേരള ബാങ്ക്

• ചട്ടമ്പിസ്വാമിയുടെ നൂറാം സമാധി വാർഷികത്തോടനുബന്ധിച്ച് ചട്ടമ്പിസ്വാമിയുടെ പ്രതിമ സ്ഥാപിച്ചത് - ശ്രീകണ്ഠേശ്വരം , തിരുവനന്തപുരം

⇒ ശ്രീകണ്ഠേശ്വരം ചട്ടമ്പിസ്വാമി പാർക്കിലാണ് പ്രതിമ സ്ഥാപിച്ചത്.

• കേരളത്തിലെ ആദ്യ പാലിയേറ്റീവ് കെയർ ട്രീറ്റ്മെൻറ് സപ്പോർട്ടിംഗ് യൂണിറ്റ് നിലവിൽ വരുന്ന ജില്ല - കൊല്ലം

• ഇടമലയാർ വനമേഖലയിൽ നിന്ന് ഗവേഷകർ കണ്ടെത്തിയ നെല്ലി വർഗത്തിൽപ്പെട്ട പുതിയ ഇനം സസ്യത്തിന് നൽകിയ പേര് - എംബ്ലിക്ക ചക്രബർത്തിയ

⇒ നെല്ലി വർഗത്തിൽപ്പെട്ട ചെടികളിൽ ഗവേഷണങ്ങൾ നടത്തിയ ശാസ്ത്രജ്ഞൻ ഡോ.തപസ് ചക്രബർത്തിയോടുള്ള ആദരസൂചകമായാണ് 'എംബ്ലിക്ക ചക്രബർത്തിയ' എന്നു പേരു നൽകിയത്.

• ജൂൺ രണ്ടാംവാരം മുതൽ രജിസ്ട്രേഷൻ ഇടപാടുകൾക്കെല്ലാം ഇ-സ്റ്റാമ്പ് നിർബന്ധമാക്കുന്ന സംസ്ഥാനം - കേരളം

⇒ ഒരുലക്ഷം രൂപയ്ക്കുമുകളിലുള്ള രജിസ്ട്രേഷൻ ഇടപാടുകൾക്ക് നേരത്തേ ഇ-സ്റ്റാമ്പ് ഏർപ്പെടുത്തിയിരുന്നു. ഒരു ലക്ഷത്തിനു താഴെയുള്ള ഇടപാടുകളും ജൂൺ രണ്ടാംവാരത്തോടെ ഇ-സ്റ്റാമ്പിലേക്കു മാറും.

• 2024 മെയിൽ അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച കേരളത്തിലെ ജില്ല – മലപ്പുറം

⇒ നെഗ്ലെറിയ ഫൗലേറി എന്ന അമീബ വിഭാഗത്തിൽപ്പെട്ട രോഗാണു തലച്ചോറിനെ ബാധിക്കുമ്പോഴാണ് അമീബിക് മസ്തിഷ്ക ജ്വരം ഉണ്ടാകുന്നത്.

⇒ കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ജീവിക്കുന്ന അമീബ മൂക്കിലെ നേർത്ത തൊലിയിലൂടെ ശരീരത്തിൽ കടക്കുകയും തലച്ചോറിനെ ഗുരുതരമായി ബാധിക്കുന്ന മസ്തിഷ്കജ്വരം ഉണ്ടാക്കുകയുമാണ് ചെയ്യുന്നത്.

• ഏറ്റവും കൂടുതൽ വനിതകൾ 10 മണിക്കൂറിലധികം പാട്ടുകൾ പാടിയതിന് ടാലന്റ് റെക്കോഡ് ബുക്കിന്റെ 'ലാർജസ്റ്റ് വുമൺ മാരത്തൺ സിങ്ങിങ്' റെക്കോഡ് കരസ്ഥമാക്കിയത് - കുടുംബശ്രീ

⇒ കുടുംബശ്രീയുടെ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ആരംഭിച്ച 'തിരികെ സ്കൂളിൽ' ക്യാമ്പയിനിന്റെ ഭാഗമായി സംഘടിപ്പിച്ച സ്വരം 2K24 പാട്ടുത്സവത്തിലാണ് റെക്കോഡ് കരസ്ഥമാക്കിയത്. പരിപാടിയിൽ 1433 വനിതകൾ 11 മണിക്കൂർ 25 മിനിറ്റാണ് നിർത്താതെ പാട്ടുപാടിയത്.

⇒ ഏറ്റവും കൂടുതൽ വനിതകൾ തുടർച്ചയായി പരമ്പരാഗത പാട്ടുകൾ പാടിയതിന് യൂണിവേഴ്സൽ റെക്കോഡ് ഫോറത്തിന്റെ 'മോസ്റ്റ് വുമൺ കണ്ടിന്യൂസ്‌ലി സിങ്ങിങ് ട്രഡീഷണൽ സോങ്സ്' റെക്കോഡും കുടുംബശ്രീ കരസ്ഥമാക്കി.

• ഹരിത ഊർജ വരുമാന പദ്ധതിയുടെ ഭാഗമായി രാജ്യത്തെ ആദ്യ സമ്പൂർണ ഗ്രിഡ് ബന്ധിത സൗരോർജവത്കൃത ആദിവാസി കോളനി എന്ന നേട്ടം സ്വന്തമാക്കിയത് - നടുപ്പതി , പാലക്കാട്

⇒ പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് സൗജന്യ വൈദ്യുതിയും അധികവരുമാനവും ലഭ്യമാക്കുന്നതിനുവേണ്ടി അനർട്ട് മുഖേന ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ഹരിത ഊർജ്ജ വരുമാന പദ്ധതി.

• സംസ്ഥാനത്തെ ആക്രി കടകളിലെ നികുതി വെട്ടിപ്പ് കണ്ടെത്താൻ ജിഎസ്ടി വകുപ്പ് നടത്തിയ ഓപ്പറേഷൻ - ഓപ്പറേഷൻ പാംട്രി

• കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ-ഐടിസി) സെന്റർ ഓഫ് എക്സലൻസ് ഫോർ സസ്റ്റെയ്നബിൾ ഡെവലപ്മെന്റിന്റെ സീറോ വേസ്റ്റ് ടു ലാൻഡ്ഫിൽ (ZWL) അംഗീകാരം ലഭിച്ച ഇന്ത്യയിലെ ആദ്യ വിമാനത്താവളം - തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളം

⇒ ഉൽപാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനൊപ്പം കുറഞ്ഞത് 99 ശതമാനവും മാലിന്യരൂപത്തിൽ നിന്ന് മാറ്റുക എന്നതാണ് സീറോ വേസ്റ്റ് ടു ലാൻഡ്ഫില്ലിന്റെ ലക്ഷ്യം.


ENTRI

• സംസ്ഥാനത്തെ ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിന്റെ ഭാഗമായി പോലീസ് നടത്തിയ ഓപ്പറേഷൻ - ഓപ്പറേഷൻ ആഗ്

• 2024 മെയിൽ കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയത്തിന്റെ 2024 ജനുവരി - മാർച്ച് ക്വാർട്ടറിലെ പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ (പിഎൽഎഫ്എസ്) റിപ്പോർട്ട് പ്രകാരം നഗരപ്രദേശങ്ങളിലെ 15-29 പ്രായമുള്ളവരിൽ തൊഴിലില്ലായ്മ നിരക്ക് ഏറ്റവും കൂടുതലുള്ള സംസ്ഥാനം - കേരളം

⇒ കേരളത്തിലെ നഗരപ്രദേശങ്ങളിലെ 15-29 പ്രായമുള്ളവരിൽ തൊഴിലില്ലായ്മ നിരക്ക് 31.8% ആണ്.

⇒ നഗരപ്രദേശങ്ങളിലെ 15-29 പ്രായമുള്ളവരിൽ തൊഴിലില്ലായ്മ നിരക്ക് ഏറ്റവും കുറവ് ഡൽഹിയിലാണ് (3.1%).

⇒ ദേശീയ ശരാശരി - 17%

• ഫോബ്സ് പുറത്തിറക്കിയ 2024-ലെ ലോകത്തിലെ മികച്ച ബാങ്കുകളുടെ പട്ടികയിൽ ഉൾപ്പെട്ട ഏക റീജണൽ റൂറൽ ബാങ്ക് - കേരള ഗ്രാമീൺ ബാങ്ക്

• കുടുംബശ്രീയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച അയൽക്കൂട്ട ഓക്സിലറി അംഗങ്ങളുടെ കലാമേള - അരങ്ങ് 2024

## കായികം

• 2024 ലെ ടി20 പുരുഷ ക്രിക്കറ്റ് വേൾഡ് കപ്പിനുള്ള ഇന്ത്യൻ ടീമിൽ ഇടം നേടിയ മലയാളി ക്രിക്കറ്റ് താരം – സഞ്ജു സാംസൺ

• 2024 മെയിൽ ഗൂഗിൾ ഡൂഡിലിലൂടെ ആദരിച്ച ഇന്ത്യയുടെ ആദ്യകാല വനിതാ ഗുസ്തി താരം - ഹമിദ ബാനു

• സോനിപത്തിൽ നടന്ന ട്രയൽസിനിടെ ഉത്തേജകമരുന്ന് പരിശോധനയ്ക്ക് തയ്യാറാകാതിരുന്നതിനാൽ ദേശീയ ഉത്തേജക വിരുദ്ധ ഏജൻസി (എൻഎഡിഎ) വിലക്കേർപ്പെടുത്തിയ ഗുസ്തിതാരം - ബജ്റംഗ് പുനിയ

• വനിതാ ക്രിക്കറ്റിൽ ഇന്ത്യക്കുവേണ്ടി അന്താരാഷ്ട്ര


ENTRI

അരങ്ങേറ്റം കുറിക്കുന്ന ഏറ്റവും പ്രായം കൂടിയ താരം എന്ന നേട്ടം സ്വന്തമാക്കിയ മലയാളി ക്രിക്കറ്റർ - ആശ ശോഭന

⇒ 33 വയസ്സും 51 ദിവസവുമാണ് ലെഗ് സ്പിന്നറായ ആശ ശോഭനയുടെ പ്രായം.

• 2023-24 സ്പാനിഷ് ലാലിഗ കിരീടം നേടിയത് - റയൽ മാഡ്രിഡ്

⇒ സ്പാനിഷ് ലാലിഗയിൽ റയൽ മഡ്രിഡിന്റെ 36-ാം കിരീട നേട്ടമാണിത്.

• ടി20 ക്രിക്കറ്റ് ചരിത്രത്തിൽ 350 വിക്കറ്റ് നേടുന്ന ആദ്യ ഇന്ത്യൻ ബൗളർ - യുസ്‌വേന്ദ്ര ചാഹൽ

• വിഷാംശം ഉണ്ടെന്ന ആശങ്കയുടെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ, മലബാർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ പൂജാദികർമങ്ങളിൽ നിന്നും ഒഴിവാക്കിയ പുഷ്പം - അരളി

⇒ അരളിയുടെ ശാസ്ത്രീയ നാമം : നീരിയം ഒലിയാൻഡർ (Nerium oleander)

• 2024 ദോഹ ഡയമണ്ട് ലീഗിലെ ജാവലിൻ ത്രോയിൽ രണ്ടാമതായി ഫിനിഷ് ചെയ്ത ഇന്ത്യൻ താരം - നീരജ് ചോപ്ര

⇒ ചെക്ക് റിപ്പബ്ലിക്കിന്റെ യാക്കൂബ് വാഡ്‌ലെച്ച് 88.38 മീറ്റർ ദൂരമെറിഞ്ഞ് ഒന്നാമതെത്തി.

• 2024 മെയിൽ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച ന്യൂസിലൻഡ് ക്രിക്കറ്റ് താരം - കോളിൻ മൺറോ

• കോട്ടയം മഹാത്മാഗാന്ധി സർവകലാശാല തേവര സേക്രഡ് ഹാർട്ട് കോളേജിൽ സംഘടിപ്പിച്ച 2024 ലെ അഖിലേന്ത്യാ അന്തർ സർവകലാശാല പുരുഷ ഹാൻഡ്ബാൾ ചാമ്പ്യൻഷിപ്പിൽ ചാമ്പ്യൻമാർ ആയത് - മഹാത്മാഗാന്ധി സർവകലാശാല

⇒ ഫൈനലിൽ പെരിയാർ യൂണിവേഴ്‌സിറ്റിയെ തോല്പിച്ചാണ് മഹാത്മാഗാന്ധി സർവകലാശാല ജേതാക്കളായത്.

• വാർസോയിലെ ഗ്രാൻഡ് ചെസ് ടൂറിന്റെ ഭാഗമായ , 2024 സൂപ്പർബെറ്റ് റാപിഡ് ആൻറ് ബ്ലിറ്റ്സ് ചെസിൽ കിരീടം സ്വന്തമാക്കിയത് - മാഗ്നസ് കാൾസൻ


ENTRI

⇒ ഇന്ത്യയുടെ ആർ.പ്രജ്ഞാനന്ദ നാലാം സ്ഥാനം സ്വന്തമാക്കി.

• രാജസ്ഥാൻ റോയൽസിനെ ഏറ്റവും കൂടുതൽ ഐപിഎൽ മത്സരങ്ങളിൽ നയിച്ച താരമെന്ന റെക്കോഡ് സ്വന്തമാക്കിയ മലയാളി ക്രിക്കറ്റ് താരം - സഞ്ജു സാംസൺ

⇒ 55 ഐപിഎൽ മത്സരങ്ങളിൽ ടീമിനെ നയിച്ച ഓസ്ട്രേലിയൻ ഇതിഹാസം ഷെയ്ൻ വോണിന്റെ റെക്കോഡാണ് സഞ്ജു മറികടന്നത്.

• ഐപിഎൽ ചരിത്രത്തിൽ ഏറ്റവും വേഗത്തിൽ 200 സിക്സറുകൾ നേടുന്ന ഇന്ത്യൻ താരമെന്ന റെക്കോർഡ് സ്വന്തമാക്കിയ മലയാളി ക്രിക്കറ്റർ - സഞ്ജു സാംസൺ

⇒ എംഎസ് ധോണിയുടെ പേരിലുണ്ടായിരുന്ന റെക്കോഡ് ആണ് സഞ്ജു സാംസൺ സ്വന്തം പേരിലാക്കിയത്.

• 2024 മെയിൽ ടെന്നീസിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച ഓസ്ട്രിയൻ ടെന്നീസ് താരം - ഡൊമിനിക് തീം

⇒ 2020 യുഎസ് ഓപ്പൺ പുരുഷ സിംഗിൾസ് കിരീടം നേടിയതാണ് ഡൊമിനിക് തീമിന്റെ കരിയറിലെ ഏറ്റവും വലിയ നേട്ടം.

⇒ ലോകറാങ്കിങ്ങിൽ അദ്ദേഹം മൂന്നാം സ്ഥാനത്തെത്തിയിട്ടുണ്ട്.

• ചെസിൽ ഇന്ത്യയുടെ 85-ാം ഗ്രാൻഡ് മാസ്റ്റർ എന്ന നേട്ടം സ്വന്തമാക്കിയത് - ശ്യാം നിഖിൽ

• ടി20 ഫോർമാറ്റിൽ ഏറ്റവും കൂടുതൽ വിജയം നേടിയ നായകനെന്ന നേട്ടം സ്വന്തമാക്കിയത് - ബാബർ അസം

⇒ 45 വിജയമാണ് ബാബർ അസമിന്റെ നായകത്വത്തിൽ പാകിസ്താൻ നേടിയത്.

• ഇന്റർനാഷണൽ ടേബിൾ ടെന്നീസ് ഫെഡറേഷന്റെ (ഐടിടിഎഫ്) വനിതാ സിംഗിൾസ് റാങ്കിംഗിൽ ആദ്യ 25ലെത്തുന്ന ആദ്യ ഇന്ത്യൻ വനിതാ ടേബിൾ ടെന്നീസ് താരം - മനിക ബത്ര

⇒ 2024 മെയിലെ റാങ്കിംഗ് പ്രകാരം 24 ആണ് മനിക ബത്രയുടെ റാങ്ക്.

• 2024-ലെ ട്വന്റി20 ലോകകപ്പ് ക്രിക്കറ്റിൽ സ്കോട്ട്ലൻഡ്,


ENTRI

അയർലൻഡ് ടീമുകളുടെ മുഖ്യ സ്പോൺസറാകുന്ന ഇന്ത്യൻ ബ്രാൻഡ് - നന്ദിനി

⇒ കർണാടക മിൽക്ക് ഫെഡറേഷൻ (കെഎംഎഫ്) പുറത്തിറക്കുന്ന പാൽ ബ്രാൻഡ് ആണ് നന്ദിനി.

- പ്രമുഖ ബിസിനസ് മാസികയായ ഫോർബ്സ് 2024 മെയിൽ പുറത്തുവിട്ട പട്ടികപ്രകാരം ഏറ്റവും കൂടുതൽ വാർഷിക വരുമാനമുള്ള കായികതാരം - ക്രിസ്റ്റ്യാനോ റൊണാൾഡോ

⇒ സ്പാനിഷ് ഗോൾഫ് താരം ജോൺ റഹം ആണ് പട്ടികയിൽ രണ്ടാം സ്ഥാനത്തുള്ളത്.

⇒ അർജന്റൈൻ ഫുട്ബോൾ താരം ലയണൽ മെസ്സിയാണ് പട്ടികയിൽ മൂന്നാമത്.

- അന്താരാഷ്ട്ര ട്വന്റി20 യിൽ ഏറ്റവും കൂടുതൽ അർദ്ധ സെഞ്ച്വറി നേടിയ താരം എന്ന നേട്ടം സ്വന്തമാക്കിയത് - ബാബർ അസം

⇒ 2023-24 ഇംഗ്ലീഷ് പ്രീമിയർ ലീഗ് കിരീട ജേതാക്കൾ - മാഞ്ചസ്റ്റർ സിറ്റി

- 2024 തായ്‌ലാൻഡ് ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിലെ പുരുഷ ഡബിൾസിൽ കിരീടം കരസ്ഥമാക്കിയത് - സാത്വിക്സായിരാജ് റങ്കിറെഡ്ഡി,ചിരാഗ് ഷെട്ടി

⇒ ഫൈനലിൽ ചൈനയുടെ ചെൻബോ യാങ്-ലിയു യി സഖ്യത്തെ പരാജയപ്പെടുത്തിയാണ് ഇന്ത്യൻ സഖ്യം കിരീടം സ്വന്തമാക്കിയത്.

- 2024 ലെ ലോക പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ വനിതകളുടെ ടി20 കാറ്റഗറി 400 മീറ്ററിൽ ലോക റെക്കോഡോടെ ഇന്ത്യക്ക് വേണ്ടി സ്വർണ്ണം കരസ്ഥമാക്കിയത് - ദീപ്തി ജീവൻജി

⇒ 55.07 സെക്കൻഡിൽ ഫിനിഷ് ചെയ്താണ് റെക്കോഡ് സ്ഥാപിച്ചത്.

- ഇറ്റാലിയൻ ഓപ്പൺ ടെന്നീസ് 2024

⇒ പുരുഷ സിംഗിൾസ് ജേതാവ് - അലക്സാണ്ടർ സ്വെരേവ്

⇒ വനിതാ സിംഗിൾസ് ജേതാവ് - ഇഗ സ്വിയാടെക്


ENTRI

• ഐ.പി.എല്ലിൽ 8000 റൺസ് തികയ്ക്കുന്ന ആദ്യ താരം - വിരാട് കോലി

• 2024 മെയിൽ വിരമിക്കൽ പ്രഖ്യാപിച്ച ജർമൻ ഫുട്ബോൾ താരം – ടോണി ക്രൂസ്

• 2024 ലെ വിംബിൾഡൺ ടെന്നീസിൽ മത്സരിക്കുന്നതിന് യോഗ്യത നേടിയ ഇന്ത്യൻ ടെന്നീസ് താരം - സുമിത് നാഗൽ

• 2024ലെ യൂറോപ്പ ലീഗ് ഫുട്ബോൾ കിരീട ജേതാക്കൾ - അറ്റ്ലാന്റ

• ഏഷ്യൻ ജിംനാസ്റ്റിക്സ് ചാമ്പ്യൻഷിപ്പിൽ സ്വർണം നേടുന്ന ആദ്യ ഇന്ത്യൻ താരം - ദീപ കർമാക്കർ

⇒ 2024 ലെ ഏഷ്യൻ ജിംനാസ്റ്റിക്സ് ചാമ്പ്യൻഷിപ്പിന് വേദിയായത് - താഷ്കന്റ് , ഉസ്ബക്കിസ്താൻ

• 2024 ലെ യുവേഫ വനിതാ ചാമ്പ്യൻസ് ലീഗ് ഫുട്ബാൾ കിരീട ജേതാക്കൾ - ബാഴ്സലോണ

⇒ ഫൈനലിൽ മറുപടിയില്ലാത്ത രണ്ട് ഗോളുകൾക്ക് ഫ്രഞ്ച് ക്ലബ് ഒളിമ്പിക് ലിയോണിനെ പരാജയപ്പെടുത്തിയാണ് സ്പാനിഷ് ക്ലബ് ബാഴ്സലോണകിരീടം സ്വന്തമാക്കിയത്.

• 2024 ലെ എഫ് എ കപ്പ് ഫുട്ബോൾ കിരീട ജേതാക്കൾ - മാഞ്ചസ്റ്റർ യുണൈറ്റഡ്

⇒ ഫൈനലിൽ മാഞ്ചസ്റ്റർ സിറ്റിയെ 2–1ന് പരാജയപ്പെടുത്തിയാണ് മാഞ്ചസ്റ്റർ യുണൈറ്റഡ് കിരീടം സ്വന്തമാക്കിയത്.

• സൗദി പ്രോ ലീഗിലെ ഒരു സീസണിൽ ഏറ്റവും കൂടുതൽ ഗോളുകൾ നേടിയ താരമെന്ന റെക്കോർഡ് കരസ്ഥമാക്കിയത് - ക്രിസ്റ്റ്യാനോ റൊണാൾഡോ

• സംസ്ഥാന അത്‌ലറ്റിക് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടന്ന 2024ലെ ഒളിമ്പ്യൻ സുരേഷ് ബാബു മെമ്മോറിയൽ സംസ്ഥാന യൂത്ത് അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ കിരീടം സ്വന്തമാക്കിയ ജില്ല - പാലക്കാട്

⇒ മലപ്പുറം രണ്ടാം സ്ഥാനവും , എറണാകുളം മൂന്നാം സ്ഥാനവും കരസ്ഥമാക്കി.


ENTRI

## സാഹിത്യം

- അറബ് സാഹിത്യത്തിനുള്ള 2024 ലെ അന്താരാഷ്ട്ര പുരസ്കാരം ലഭിച്ചത് - ബാസിം ഖൻദാഖ്ജി
  - ⇒ 'എ മാസ്ക് ദ കളർ ഓഫ് ദ സ്കൈ' എന്ന നോവലിനാണ് പുരസ്കാരം

- ആലുവ സർവമത സമ്മേളന ത്തെക്കുറിച്ച് കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച പുസ്തകം - പലമതസാരവുമേകം

- 'ക്വാണ്ടം ബോഡി -ദ ന്യൂ സയൻസ് ഓഫ് ലിവിങ് എ ലോങ്ങർ, ഹെൽത്തിയർ, വൈറ്റൽ ലൈഫ് ' എന്ന പുസ്തകത്തിന്റെ രചയിതാവ് - ദീപക് ചോപ്ര

- ഒഎൻവി കൾച്ചറൽ അക്കാദമിയുടെ 2024 ലെ ഒഎൻവി സാഹിത്യ പുരസ്കാരത്തിന് അർഹയായത് - പ്രതിഭാ റായി
  - ⇒ സാഹിത്യലോകത്തെ സമഗ്ര സംഭാവനക്കാണ് പുരസ്കാരം.
  - ⇒ പ്രശസ്ത ഒറിയ എഴുത്തുകാരിയും ജ്ഞാനപീഠ പുരസ്കാര ജേതാവുമാണ് പ്രതിഭാ റായി.
  - ⇒ ഒഎൻവി യുവ സാഹിത്യ പുരസ്കാരത്തിന് ദുർഗാ പ്രസാദ് അർഹനായി.'രാത്രിയിൽ അച്ചാങ്കര' എന്ന കവിതാ സമാഹാരത്തിനാണ് പുരസ്കാരം.
  - ⇒ ഒഎൻവി കൾച്ചറൽ അക്കാദമിയുടെ 2023 ലെ ഒഎൻവി സാഹിത്യ പുരസ്കാരത്തിന് അർഹനായത് - സി രാധാകൃഷ്ണൻ

- സാഹിത്യ അക്കാദമിയുടെ 2021 ലെ സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് നേടിയ എഴുത്തുകാരൻ - റസ്കിൻ ബോണ്ട്

- എസ്.കെ.പൊറ്റെക്കാട്ട് സ്മാരകസമിതിയുടെ 2024 ലെ എസ്.കെ.പൊറ്റെക്കാട്ട് സ്മാരകപുരസ്കാരത്തിന് അർഹനായത് - കെ. പി. രാമനുണ്ണി
  - ⇒ അദ്ദേഹത്തിന്റെ 'ഹൈന്ദവം' എന്ന കൃതിയാണ് പുരസ്കാരത്തിനർഹമായത്.

- കവി വിഷ്ണുനാരായണൻ നമ്പൂതിരിയുടെ സ്മരണാർത്ഥം വൈഷ്ണവം ട്രസ്റ്റ് ഏർപ്പെടുത്തിയ വൈഷ്ണവം സാഹിത്യ പുരസ്കാരത്തിന് 2024-ൽ അർഹനായ കവിയും


ENTRI

ആട്ടക്കഥാകാരനും മുൻ ചീഫ് സെക്രട്ടറിയുമായ വ്യക്തി - ആർ. രാമചന്ദ്രൻ നായർ

⇒ ആർ. രാമചന്ദ്രൻ നായരുടെ തൂലികാനാമം - തുളസീവനം

• മലയാറ്റൂർ രാമകൃഷ്ണന്റെ സ്മരണാർത്ഥം മലയാറ്റൂർ ഫൗണ്ടേഷൻ നൽകുന്ന മൂന്നാമത് സാഹിത്യ പുരസ്കാരത്തിന് അർഹനായത് - എം.വി. ജനാർദ്ദനൻ

⇒ അദ്ദേഹത്തിന്റെ 'പെരുമലയൻ' എന്ന നോവലാണ് പുരസ്കാരത്തിന് അർഹമായത്.

⇒ മലയാറ്റൂർ രാമകൃഷ്ണന്റെ സ്മരണാർത്ഥം മലയാറ്റൂർ ഫൗണ്ടേഷൻ നൽകുന്ന രണ്ടാമത് സാഹിത്യ പുരസ്കാരത്തിന് അർഹനായത് - വി.ജെ. ജെയിംസ് (നോവൽ-ആന്റിക്ലോക്ക്)

• 'തെളിച്ചമുള്ള ഓർമ്മകൾ' എന്ന പുസ്തകത്തിന്റെ രചയിതാവ് - മാല

⇒ തോപ്പിൽ ഭാസിയുടെ മകളാണ് മാല.

• 'ഇന്ത്യ ദാറ്റ് ഈസ് ഭാരത് – ആൻ ഇൻട്രൊഡക്ഷൻ ടു കോൺസ്റ്റിറ്റ്യൂഷണൽ ഡിബേറ്റ്സ്' എന്ന പുസ്തകത്തിന്റെ രചയിതാവ് - പി. രാജീവ് (സംസ്ഥാന നിയമ മന്ത്രി)

## മറ്റ് പുരസ്കാരങ്ങൾ

• ഹരിത നൊബേൽ എന്നറിയപ്പെടുന്ന 2024-ലെ ഗോൾഡ്മാൻ എൻവയൺമെന്റൽ പ്രൈസിന് അർഹനായ ഇന്ത്യക്കാരൻ - അലോക് ശുക്ല

⇒ ഛത്തീസ്ഗഢിലെ ഹസ്ഡിയോ വന മേഖലയിലെ 21 ആസൂത്രിത കൽക്കരി ഖനികളിൽ നിന്നും 4.45 ലക്ഷം ഏക്കർ ജൈവവൈവിധ്യ സമ്പന്നമായ വനങ്ങൾ സംരക്ഷിക്കാൻ നടത്തിയ വിജയകരമായ കാമ്പെയ്ൻ മുൻ നിർത്തിയാണ് അലോക് ശുക്ലയ്ക്ക് 2024-ലെ ഗോൾഡ്മാൻ പരിസ്ഥിതി പുരസ്കാരം ലഭിച്ചത്.

• കലാകാരൻമാരുടെ സംഘടനായ സ്റ്റേജ് ആർട്ടിസ്റ്റ് ആൻഡ് വർക്കേഴ്സ് അസോസിയേഷൻ ഓഫ് കേരള (സവാക്ക്) , മാമുക്കോയയുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ പ്രഥമ മാമുക്കോയ പ്രതിഭാ പുരസ്ക്കാരത്തിന് അർഹനായ സംവിധായകൻ - ഹരിഹരൻ


ENTRI

• ഏവിയേഷൻ മേഖലയിലെ പരിസ്ഥിതി സംരക്ഷണ മികവിനുള്ള 2023 ലെ അപെക്സ് ഫൗണ്ടേഷൻ ദേശീയ പുരസ്കാരം കരസ്ഥമാക്കിയ കേരളത്തിലെ അന്താരാഷ്ട്ര വിമാനത്താവളം - തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം

⇒ 2023ലെ ഗ്രീൻ ലീഫ് വിഭാഗത്തിൽ ഗോൾഡ് അവാർഡ് ആണ് തിരുവനന്തപുരം നേടിയത്.

⇒ തിരുവനന്തപുരം വിമാനത്താവളത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന കാർബൺ എമിഷൻ കുറയ്ക്കൽ, പ്ലാസ്റ്റിക് നിരോധനം, ഐഒടി സഹായത്തോടെയുള്ള വൈദ്യുതി-ജല ഉപയോഗ നിയന്ത്രണങ്ങൾ, മരങ്ങൾ മാറ്റി നടൽ, മിയവാക്കി ഫോറസ്റ്റ്, മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള പദ്ധതികൾ വിലയിരുത്തിയാണ് പുരസ്കാരം.

• കമുകറ ഫൗണ്ടേഷന്റെ 2024-ലെ കമുകറ സംഗീത പുരസ്കാരത്തിന് അർഹനായത് - ജെറി അമൽദേവ്

⇒ കമുകറ ഫൗണ്ടേഷന്റെ 2023-ലെ കമുകറ സംഗീത പുരസ്കാരത്തിന് അർഹനായത് - എം. ജി. ശ്രീകുമാർ

• 2024-ലെ അന്താരാഷ്ട്ര റിപ്പോർട്ടിംഗിനുള്ള പുലിറ്റ്സർ പുരസ്കാരം കരസ്ഥമാക്കിയത് - ദി ന്യൂയോർക്ക് ടൈംസ്

⇒ ഗാസ സംഘർഷത്തെക്കുറിച്ചുള്ള സമഗ്രമായ റിപ്പോർട്ടിംഗിനാണ് പുരസ്കാരം.

• 2024 ലെ ഷാ പ്രൈസിന് അർഹനായ ഇന്ത്യൻ വംശജനായ ജ്യോതിശാസ്ത്രജ്ഞൻ - ശ്രീനിവാസ് ആർ കുൽക്കർണി

⇒ മില്ലിസെക്കൻഡ് പൾസാറുകൾ, ഗാമാ-റേ സ്ഫോടനങ്ങൾ, സൂപ്പർനോവകൾ എന്നിവയുമായി ബന്ധപ്പെട്ട കണ്ടുപിടിത്തങ്ങൾക്കാണ് പുരസ്കാരം.

• 2023 ലെ യുഎൻ മിലിറ്ററി ജെൻഡർ അഡ്വക്കേറ്റ് പുരസ്കാരം ലഭിച്ച ഐക്യരാഷ്ട്രസഭയുടെ സമാധാനസേനയുടെ ഭാഗമായ ഇന്ത്യൻ വനിതാ അംഗം - മേജർ രാധികാ സെൻ

⇒ സമാധാനദൗത്യത്തിന്റെ ഭാഗമായി കോംഗോ റിപ്പബ്ലിക്കിലാണ് മേജർ രാധികാ സെൻ സേവനമനുഷ്ഠിച്ചത്.

⇒ മേജർ സുമൻ ഗവാനിയ്ക്കുശേഷം മിലിറ്ററി ജെൻഡർ

അഡ്വക്കേറ്റ് പുരസ്കാരം ലഭിക്കുന്ന രണ്ടാമത്തെ ഇന്ത്യക്കാരിയാണ് മേജർ രാധിക.

⇒ ദക്ഷിണ സുഡാനിലെ സമാധാനദൗത്യത്തിന്റെ ഭാഗമായിരുന്നു 2019-ൽ പുരസ്കാരം ലഭിച്ച സുമൻ ഗവാനി.

## ശാസ്ത്ര സാങ്കേതിക മേഖല

• ചൈനയുടെ ബഹിരാകാശ നിലയമായ ടിയാൻഗോങ്ങിൽ നിന്ന് മൂന്നു ബഹിരാകാശ യാത്രികരുമായി 2024 ൽ ഭൂമിയിൽ തിരിച്ചെത്തിയ പേടകം - ഷെൻഷൗ-17

⇒ ആറുമാസത്തെ ബഹിരാകാശ വാസത്തിനു ശേഷം ചൈനയിലെ ഇന്നർ മംഗോളിയയിലാണ് യാത്രികർ സുരക്ഷിമാതമായി ഇറങ്ങിയത്.

• ഇന്ത്യൻ വ്യോമസേന വിജയകരമായി പരീക്ഷിച്ച എയർ ടു ഗ്രൗണ്ട് ബാലിസ്റ്റിക് മിസൈൽ - ക്രിസ്റ്റൽ മേസ് 2

• ചന്ദ്രന്റെ മറുപുറത്തുനിന്ന് സാംപിളുകൾ ശേഖരിച്ച് ഭൂമിയിലെത്തിക്കുന്നതിന് 2024 മെയിൽ ചൈന വിജയകരമായി വിക്ഷേപിച്ച ദൗത്യം - ചാങ് ഇ-6

⇒ ചൈനയുടെ ആറാമത് ചാന്ദ്ര ദൗത്യമാണ് ചാങ് ഇ-6.

⇒ തെക്കൻ ദ്വീപ് പ്രവിശ്യയായ ഹൈനാനിലെ വെൻചാങ് ബഹിരാകാശവിക്ഷേപണകേന്ദ്രത്തിൽനിന്ന് ലോങ് മാർച്ച്-5 റോക്കറ്റുപയോഗിച്ചായിരുന്നു വിക്ഷേപണം.

⇒ ഭൂമിയിൽനിന്ന് നേരിട്ട് കാണാനാകാത്ത ചാന്ദ്രഭാഗത്തുനിന്ന് സാംപിൾ ശേഖരിക്കുന്നതിനുള്ള ആദ്യ ദൗത്യമാണിത്.

• പാകിസ്താന്റെ ആദ്യ ചാന്ദ്ര ഉപഗ്രഹം - ഐക്യൂബ്-ക്യു

⇒ ചൈനയുടെ ചാങ് ഇ-6 പേടകത്തിലാണ് ഉപഗ്രഹം വിക്ഷേപിച്ചത്.

⇒ ചൈനയുടെ ഷാങ്ഹായ് സർവകലാശാലയും പാകിസ്താൻ ബഹിരാകാശ ഏജൻസിയായ സുപാർകോവും സഹകരിച്ചാണ് ഐക്യൂബ്-ക്യു ഉപഗ്രഹം വികസിപ്പിച്ചത്.

• കപ്പലുകളെ തകർക്കുന്ന ടോർപിഡോകളെ കണ്ടെത്തി നിർവീര്യമാക്കാൻ കെൽട്രോൺ നിർമ്മിച്ച പ്രതിരോധ സംവിധാനം - മാരീച്


ENTRI

• ഇന്ത്യയിലാദ്യമായി വാണിജ്യാടിസ്ഥാനത്തിൽ നിർമിച്ച മൈക്രോ കൺട്രോളർ - സെക്യൂർ ഐ.ഒ.ടി.

⇒ മദ്രാസ് ഐ.ഐ.ടി.യുടെ ഇൻക്യുബേഷൻ സെല്ലിന്റെയും പ്രവർത്തക് ടെക്നോളജീസ് ഫൗണ്ടേഷന്റെയും സഹായത്തോടെ പ്രവർത്തിക്കുന്ന മൈൻഡ്ഗ്രോവ് എന്ന സ്റ്റാർട്ടപ്പ് ആണ് സെക്യൂർ ഐ.ഒ.ടി. എന്നു പേരിട്ട മൈക്രോ കൺട്രോളർ ചിപ് നിർമിച്ചത്.

• 2024 മെയിൽ OpenAI പുറത്തിറക്കിയ എഐ മോഡൽ – GPT-4o

⇒ റഷ്യയിൽ നിന്ന് ഇന്ത്യ വാങ്ങുന്ന പോർട്ടബിൾ എയർ ഡിഫൻസ് സിസ്റ്റം - ഇഗ്ല-എസ്

• ഓക്സ്ഫോഡ് സർവ്വകലാശാലയിലെ സൈക്യാട്രി വിഭാഗം വിഷാദരോഗത്തിന് മരുന്ന് നിർദേശിക്കാൻ തയ്യാറാക്കിയ എ.ഐ. ടൂൾ - പെട്രുഷ്ക

⇒ രാജ്യത്തെ ആദ്യ തദ്ദേശീയ ആളില്ലാ ബോംബർ വിമാനം - FWD-200B

• ഇന്ത്യൻ സ്വകാര്യ ബഹിരാകാശ കമ്പനിയായ അഗ്നികുൽ കോസ്മോസ് വികസിപ്പിച്ച് വിജയകരായി പരീക്ഷിച്ച വിക്ഷേപണ വാഹനം - അഗ്നിബാൺ സോർട്ടഡ്

⇒ ശ്രീഹരിക്കോട്ട സതീഷ് ധവാൻ സ്പെയ്സ് സെന്ററിലായിരുന്നു വിക്ഷേപണപരീക്ഷണം.

## ഇന്ത്യ - പദ്ധതികൾ

• സർക്കാർ സ്കൂളുകളിൽ 6 മുതൽ 12 വരെ ക്ലാസ്സുകളിലെ എല്ലാ വിദ്യാർത്ഥിനികൾക്കും പ്രതിമാസം ആയിരം രൂപ നൽകുന്നതിനായി തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ ആരംഭിച്ച പദ്ധതി - പുതുമൈ പെണ്ണ്

## കേരളം - പദ്ധതികൾ

• കുടുംബശ്രീ അംഗങ്ങളുടെ കലാസാംസ്കാരിക സാമൂഹിക ഉന്നമനത്തിന് എഡിഎസുകളെ( ADS) വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന പദ്ധതി - എന്നിടം


ENTRI

• കുട്ടികളിലെ ചിന്താശേഷിയും സർഗാത്മകതയും സംരംഭകത്വ മനോഭാവവും വളർത്തിയെടുക്കാൻ ഒരുവർഷം നീണ്ടുനിൽക്കുന്ന കുടുംബശ്രീയുടെ പദ്ധതി
- മൈൻഡ് ബ്ലോവേഴ്സ്

⇒ ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടി ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഉദ്യം ലേണിങ് ഫൗണ്ടേഷന്റെ സഹകരണത്തോടെയാണ് സംഘടിപ്പിക്കുന്നത്.

• കേരളത്തിലെ തിരഞ്ഞെടുക്കപെട്ട മൂവായിരത്തിലധികം കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കി, പൊതുജനങ്ങൾക്കു ഉപയോഗപ്രദമായ ഇടങ്ങളായി മാറ്റിയതിന് വേൾഡ് റെക്കോർഡ്സ് യൂണിയന്റെ അംഗീകാരം ലഭിച്ച കേരള സർക്കാർ പദ്ധതി - സ്നേഹാരാമം

⇒ മാലിന്യമുക്ത നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലെ നാഷണൽ സർവീസ് സ്കീം സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതിയാണ് സ്നേഹാരാമം.

⇒ മാലിന്യം വലിച്ചെറിയുന്നത് തടയുക, വൃത്തിയുള്ള പൊതുയിടങ്ങളുണ്ടാക്കുക, ശുചിത്വത്തെക്കുറിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് പദ്ധതി നടപ്പിലാക്കിയത്.

• സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിന് എക്സൈസ് വകുപ്പ് ആവിഷ്ക്കരിച്ച പദ്ധതി - നേർവഴി

## നിയമനങ്ങൾ

• 2024 മെയിൽ യുണിസെഫ് ഇന്ത്യയുടെ ദേശീയ അംബാസഡറായി നിയമിതയായ ബോളിവുഡ് താരം
- കരീന കപൂർ

• കേരള ഗ്രാമീൺ ബാങ്കിന്റെ പുതിയ ചെയർപേഴ്സണായി ചുമതലയേറ്റത് - വിമല വിജയ ഭാസ്കർ

• സോളമൻ ഐലൻഡ്സിന്റെ പുതിയ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടത് - ജെറമിയ മനെലെ


ENTRI

• ജി.എസ്.ടി. അപ്പലേറ്റ് ട്രിബ്യൂണലിൻറെ ആദ്യത്തെ പ്രസിഡന്റായി ചുമതലയേറ്റത്
- റിട്ട. ജസ്റ്റിസ് സഞ്ജയ് കുമാർ മിശ്ര

• സ്കോട്ട്ലൻഡ് ഫസ്റ്റ് മിനിസ്റ്റർ ആയി തിരഞ്ഞെടുക്കപ്പെട്ടത്
- ജോൺ സ്വിന്നി

• ഇന്ത്യയിലെ ചൈനീസ് സ്ഥാനപതിയായി നിയമിതനായത് - ഷൂ ഫെയ്ഹോങ്ങ്

• റഷ്യയുടെ പുതിയ പ്രധാനമന്ത്രിയായി നിയമിതനായത് - മിഖായേൽ മിഷുസ്തിൻ

• റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിതനായത് - ആർ.ലക്ഷ്മികാന്ത് റാവു

• തമിഴ്നാടിലെ ഗ്രീൻ എനർജി കോർപ്പറേഷന്റെ മാനേജിങ് ഡയറക്ടറായി നിയമിതനായ മലയാളി ഐ.എ.എസ്. ഓഫീസർ
- അനീഷ് ശേഖർ

• മേഘാലയയിലെ ആദ്യത്തെ വനിതാ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഡിജിപി) ആയി നിയമിതയായത്
- ഇദാഷിഷ നോൻഗ്രാങ്ങ്

• 2024 മെയിൽ കേരള പോലീസ് അക്കാദമിയുടെ പുതിയ ഡയറക്ടറായി നിയമിതനായത് - പി. വിജയൻ

• നാസയുടെ ആദ്യ ചീഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഓഫീസറായി നിയമിതനായത് - ഡേവിഡ് സാൽവാഗ്നിനി

⇒ സിംഗപ്പൂരിന്റെ പുതിയ പ്രധാനമന്ത്രിയായി നിയമിതനായത് - ലോറൻസ് വോംഗ്

• 2024 മെയിൽ സുപ്രീം കോടതി ബാർ അസോസിയേഷൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് - കപിൽ സിബൽ

• 2024 മെയിൽ ഇറാന്റെ താൽക്കാലിക പ്രസിഡന്റായി നിയമിതനായത് - മുഹമ്മദ് മൊഖ്ബർ

⇒ ഇറാന്റെ പ്രസിഡൻറ് ആയിരുന്ന ഇബ്രാഹിം റെയ്സി


ENTRI

ഹെലികോപ്റ്റർ അപകടത്തിൽ മരണപ്പെട്ടതിനെതുടർന്നാണ് മുഹമ്മദ് മൊഖ്ബർ താൽക്കാലിക പ്രസിഡന്റായി ചുമതലയേറ്റത്.

- 2024 മെയിൽ കെ.എസ്.ഇ.ബി. ചെയർമാനായി നിയമിതനായത് - ബിജു പ്രഭാകർ

- വിയറ്റ്നാമിന്റെ പുതിയ പ്രസിഡൻറ് - ടോ ലാം

- 2024 മെയിൽ സംസ്ഥാന വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായി നിയമിതനായത് - മുഹമ്മദ് ഹനീഷ്

- കേരളാ ബ്ലാസ്റ്റേഴ്സ് എഫ്.സിയുടെ മുഖ്യ പരിശീലകനായി നിയമിതനായത് - മിക്കേൽ സ്റ്റാറേ
  ⇒ ഇവാൻ വുകമനോവിച്ചിന്റെ പിൻഗാമിയായാണ് സ്വീഡിഷ് പരിശീലകനായ മിക്കേൽ സ്റ്റാറേ നിയമിതനാകുന്നത്.

- ഇംഗ്ലണ്ടിലെ കേംബ്രിഡ്ജ് നഗരത്തിന്റെ മേയറായി തിരഞ്ഞെടുക്കപ്പെട്ട മലയാളി - ബൈജു തിട്ടാല വർക്കി

- കേരള നിയമസഭയുടെ പുതിയ സെക്രട്ടറിയായി നിയമിതനാകുന്നത് - ഡോ. എൻ. കൃഷ്ണകുമാർ

- ആഫ്രിക്കൻ രാജ്യമായ ഛാഡിന്റെ പുതിയ പ്രസിഡൻറ് - മഹമത് ഇദ്രിസ് ഡെബി

- 2024 ലെ ഐ.സി.സി ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിന്റെ അംബാസഡറായി തിരഞ്ഞെടുക്കപ്പെട്ട മുൻ പാകിസ്താൻ ഓൾറൗണ്ടർ - ഷാഹിദ് അഫ്രീദി
  ⇒ മുൻ ഇന്ത്യൻ താരം യുവരാജ് സിങ്, വെസ്റ്റിൻഡീസ് മുൻതാരം ക്രിസ് ഗെയിൽ, ജമൈക്കൻ സ്പ്രിന്റർ ഉസൈൻ ബോൾട്ട് എന്നിവർക്ക് പിന്നാലെയാണ് ഷാഹിദ് അഫ്രീദിയെയും അംബാസഡറായി തെരഞ്ഞെടുത്തത്.

- കേരളത്തിന്റെ പുതിയ ലോകായുക്തയായി നിയമിതനാകുന്നത് - ജസ്റ്റിസ് എൻ. അനിൽകുമാർ

- കേരളത്തിന്റെ പുതിയ ഉപലോകായുക്തയായി നിയമിതനാകുന്നത് - ജസ്റ്റിസ് വി. ഷെർസി


ENTRI

## വിയോഗം

• 2024 ഏപ്രിലിൽ അന്തരിച്ച പ്രശസ്ത യക്ഷഗാനം കലാകാരൻ - സുബ്രഹ്മണ്യ ധരേശ്വർ

⇒ ഉത്തര കന്നഡ ജില്ലയിലെ ഗോകർണം സ്വദേശിയാണ് സുബ്രഹ്മണ്യ ധരേശ്വർ.

• 2024 മെയിൽ അന്തരിച്ച വിഖ്യാത തമിഴ് ചലച്ചിത്ര പിന്നണി ഗായിക – ഉമ രമണൻ

⇒ 1977ൽ ശ്രീകൃഷ്ണലീല എന്ന ഗാനത്തോടെയാണ് ഉമ പിന്നണി ഗാനരംഗത്ത് എത്തുന്നത്.

⇒ നൂറോളം ഗാനങ്ങൾ ഇളയരാജയ്ക്ക് ഒപ്പം ഉമ പാടിയിട്ടുണ്ട്. 'ഭൂപാലം ഇസൈയെയ്ക്കും', 'അന്തരാഗം കേൾക്കും കാലം', 'പൂ മാനേ' തുടങ്ങിയ പാട്ടുകൾ ഇതിൽ ശ്രദ്ധേയമാണ്.

⇒ വിജയ് നായകനായി എത്തിയ തിരുപ്പാച്ചി എന്ന ചിത്രത്തിലെ 'കണ്ണും കണ്ണുംതാൻ കലന്താച്ചു' എന്ന ഗാനമാണ് ഉമ അവാസനമായി പാടിയത്.

• 2024 മെയ് മാസത്തിൽ അന്തരിച്ച തൃശൂർ കോർപ്പറേഷൻറെ ആദ്യ മേയർ - ജോസ് കാട്ടൂക്കാരൻ

⇒ തൃശ്ശൂർ നഗരസഭ കോർപ്പറേഷൻ ആയി ഉയർത്തിയ ശേഷമുള്ള 2000-ത്തിലെ തിരഞ്ഞെടുപ്പിൽ അരണാട്ടുകര ഡിവിഷനിൽ നിന്നാണ് അദ്ദേഹം വിജയിച്ചു മേയറായത്.2000 മുതൽ 2004 വരെ മേയർ പദവിയിൽ തുടർന്നു.

• 2024 മെയിൽ അന്തരിച്ച പ്രശസ്ത മേളാചാര്യൻ - കേളത്ത് അരവിന്ദാക്ഷമാരാർ

• 2024 മെയിൽ അന്തരിച്ച 'ടൈറ്റാനിക്' , 'ദ ലോഡ് ഓഫ് ദ റിങ്സ്' എന്നീ ചലച്ചിത്രങ്ങളിലൂടെ പ്രശസ്തനായ ബ്രിട്ടീഷ് നടൻ - ബെർണാഡ് ഹിൽ

• 2024 മെയിൽ അന്തരിച്ച പ്രശസ്ത മലയാളം സംവിധായകനും തിരക്കഥാകൃത്തുമായ വ്യക്തി - ഹരികുമാർ

⇒ 1981-ൽ പുറത്തിറങ്ങിയ ആമ്പൽപൂവായിരുന്നു ഹരികുമാറിന്റെ ആദ്യ സിനിമ.

⇒ 1994-ൽ എം.ടി. വാസുദേവൻ നായരുടെ തിരക്കഥയിൽ സംവിധാനം ചെയ്ത 'സുകൃതം' പ്രേക്ഷകരുടെയും


ENTRI

നിരൂപകരുടെയും പ്രശംസ നേടിയ ചിത്രമാണ്.'സുകൃതം' ഏറ്റവും നല്ല മലയാള സിനിമയ്ക്കുള്ള ദേശീയ പുരസ്കാരം നേടുകയും ചെയ്തു.

⇒ എം മുകുന്ദന്റെ തിരക്കഥയിൽ സുരാജ് വെഞ്ഞാറമൂട്, ആൻ അഗസ്റ്റിൻ എന്നിവർ പ്രധാനവേഷങ്ങളെ അവതരിപ്പിച്ച ഓട്ടോറിക്ഷക്കാരന്റെ ഭാര്യയാണ് അവസാനം സംവിധാനം ചെയ്ത ചിത്രം.

• 2024 മെയിൽ അന്തരിച്ച പ്രശസ്ത മലയാള സിനിമ-സീരിയൽ നടി - കനകലത

• 2024 മെയിൽ അന്തരിച്ച പ്രശസ്ത സംവിധായകനും ഛായാഗ്രാഹകനുമായ വ്യക്തി - സംഗീത് ശിവൻ

⇒ 1990-ൽ പുറത്തിറങ്ങിയ വ്യൂഹം എന്ന ചിത്രത്തിലൂടെയാണ് സംവിധാനരംഗത്തെത്തിയത്.

⇒ 1992-ൽ സംവിധാനംചെയ്ത യോദ്ധ മലയാളികളുടെ എക്കാലത്തെയും ഇഷ്ടചിത്രമാണ്.

⇒ ഡാഡി, ഗാന്ധർവം, ജോണി, നിർണയം, സ്നേഹപൂർവം തുടങ്ങിയവയാണ് സംവിധാനം ചെയ്ത പ്രധാന മലയാള സിനിമകൾ.

⇒ 1998-ൽ പുറത്തിറങ്ങിയ സോർ ആയിരുന്നു ബോളിവുഡിലെ ആദ്യ സംവിധാനസംരംഭം.എട്ടോളം ഹിന്ദി സിനിമകൾ അദ്ദേഹം സംവിധാനം ചെയ്തിട്ടുണ്ട്.

• 2024 മെയിൽ അന്തരിച്ച പ്രശസ്ത ഉറുദു സാഹിത്യകാരൻ - ഷെയ്ഖ് അബ്ദുസ്സലാം അബ്ദുറസാഖ്

⇒ സലാം ബിൻ റസാഖ് എന്നായിരുന്നു അദ്ദേഹത്തിന്റെ തൂലികാനാമം.

⇒ 2004-ൽ ചെറുകഥാസമാഹാരമായ 'ശികസ്താ ബട്ടൺ കേ ദാർമിയാൻ' എന്ന കൃതിയിലൂടെ ഉറുദു സാഹിത്യത്തിനുള്ള സാഹിത്യ അക്കാദമി അവാർഡ് അദ്ദേഹം കരസ്ഥമാക്കി.

• 2024 മെയിൽ അന്തരിച്ച കേരളത്തിലെ ആദ്യ ചെസ് ഇന്റർനാഷണൽ മാസ്റ്ററും ചെസ് പരിശീലകനുമായ വ്യക്തി - വർഗീസ് കോശി


ENTRI

⇒ 1993ൽ ഇറാനിൽ നടന്ന ഏഷ്യൻ മേഖലാ ടൂർണമെന്റിലെ പ്രകടനമാണ് വർഗീസ് കോശിക്ക് ഇന്റർനാഷണൽ മാസ്റ്റർ പദവി നേടിക്കൊടുത്തത്.

⇒ ഗ്രാൻഡ്മാസ്റ്റർമാരായ പി.ഹരികൃഷ്ണ, അഭിജിത്ത് ഗുപ്ത, ജി.എൻ.ഗോപാൽ, എസ്.എൽ.നാരായണൻ എന്നിവരുടെ പരിശീലകനായ അദ്ദേഹം ഇന്ത്യയിലെ മികച്ച എൻഡ് ഗെയിം ട്രെയിനർമാരിൽ ഒരാളായിരുന്നു.

• 2024 മെയിൽ അന്തരിച്ച പത്മശ്രീ ജേതാവും പഞ്ചാബി കവിയും എഴുത്തുകാരനുമായ വ്യക്തി - സുർജിത് സിംഗ് പടാർ

• 2024 മെയിൽ അന്തരിച്ച പ്രശസ്ത കനേഡിയൻ എഴുത്തുകാരിയും നോബൽ സമ്മാന ജേതാവുമായ വ്യക്തി - ആലിസ് മൺറോ

⇒ ചെറുകഥകളിലൂടെ വായനക്കാരെ അത്ഭുതപ്പെടുത്തിയ ആലീസ് മൺറോയെ 'കനേഡിയൻ ചെക്കോവ്' എന്നാണ് വിശേഷിപ്പിക്കുന്നത്.

• 2024 മെയിൽ അന്തരിച്ച മുതിർന്ന കോൺഗ്രസ് നേതാവും ഗുജറാത്ത്, ത്രിപുര, മിസോറാം എന്നീ സംസ്ഥാനങ്ങളുടെ മുൻ ഗവർണറുമായിരുന്ന വ്യക്തി - കമല ബെനിവാൾ

• 2024 മെയിൽ അന്തരിച്ച പ്രശസ്ത ഹിന്ദി എഴുത്തുകാരിയും പത്മശ്രീ ജേതാവുമായ വ്യക്തി - മാൾതി ജോഷി

⇒ ഹിന്ദി, മറാത്തി ഭാഷകളിലായി 60-ലധികം പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്.

⇒ 2018 ൽ രാജ്യം പദ്മശ്രീ നൽകി ആദരിച്ചു.

• 2024 മെയിൽ അന്തരിച്ച ഇന്ത്യയുടെ ഐസ്ക്രീം മാൻ എന്നറിയപ്പെടുന്ന വ്യക്തി - രഘുനന്ദൻ ശ്രീനിവാസ് കാമത്ത്.

⇒ നാച്ചുറൽസ് ഐസ്ക്രീം സ്ഥാപകനാണ് രഘുനന്ദൻ ശ്രീനിവാസ് കാമത്ത്.

• 2024 മെയിൽ ഹെലികോപ്റ്റർ അപകടത്തെ തുടർന്ന് മരണപ്പെട്ട ഇറാനിയൻ പ്രസിഡൻറ് – ഇബ്രാഹിം റെയ്സി

⇒ ഇറാൻ വിദേശകാര്യ മന്ത്രി അമീർ അബ്ദുല്ലാഹിയാനും ഹെലികോപ്റ്റർ അപകടത്തിൽ മരണപ്പെട്ടു.


ENTRI

• 2024 മെയിൽ അന്തരിച്ച സംസ്ഥാനത്തെ ആദ്യ വനിതാ ജയിൽ സൂപ്രണ്ട് ആയിരുന്ന വ്യക്തി - മേരി രത്നാഭായ്

⇒ നെയ്യാറ്റിൻകരയിൽ സംസ്ഥാനത്തെ ആദ്യ വനിതാ ജയിൽ സ്ഥാപിച്ചപ്പോൾ ആദ്യ സൂപ്രണ്ട് ആയിരുന്നത് മേരി രത്നാഭായ് ആണ്.

• 2024 മെയിൽ കൊൽക്കത്തയിൽ വെച്ച് കൊല്ലപ്പെട്ട ബംഗ്ലാദേശ് എം.പി - അൻവറുൾ അസിം അനാർ

• 2024 മെയിൽ അന്തരിച്ച ഡിസ്നിയുടെ മേരി പോപ്പിൻസ് അടക്കമുള്ള ക്ലാസിക് ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ ഗാന രചയിതാവ് - റിച്ചാർഡ് എം. ഷെർമാൻ

## റാങ്കിങ്

• ടൈംസ് ഹയർ എജ്യുക്കേഷന്റെ 2024 ലെ യങ് യൂണിവേഴ്സിറ്റി റാങ്കിങ്ങിൽ രാജ്യത്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ സർവ്വകലാശാല – മഹാത്മാഗാന്ധി സർവ്വകലാശാല

⇒ രാജ്യാന്തരതലത്തിൽ 673 സർവ്വകലാശാലകളുടെ പട്ടികയിൽ 81-ാം സ്ഥാനത്താണ് എംജി സർവ്വകലാശാല.

⇒ രാജ്യാന്തരതലത്തിൽ സിംഗപ്പൂരിലെ നാൻയാങ് ടെക്നോളജിക്കൽ സർവ്വകലാശാല പട്ടികയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

• 2024 മെയിൽ പ്രസിദ്ധീകരിച്ച ബ്ലൂംബെർഗ് ബില്ല്യണേഴ്സ് ഇൻഡെക്സിൽ ആദ്യ 15 റാങ്കിൽ ഉൾപ്പെട്ട ഇന്ത്യക്കാർ - മുകേഷ് അംബാനി , ഗൗതം അദാനി

## വേദികൾ

• കേരള ബാസ്കറ്റ്ബോൾ അസോസിയേഷന്റെ നേതൃത്വത്തിൽ നടന്ന 48-ാമത് കേരള സംസ്ഥാന ജൂനിയർ ബാസ്കറ്റ്ബോൾ ചാമ്പ്യൻഷിപ്പിന് വേദിയായത് - പാലക്കാട്

⇒ ആൺകുട്ടികളുടെ വിഭാഗത്തിൽ കിരീടം സ്വന്തമാക്കിയത് - തിരുവനന്തപുരം

⇒ പെൺകുട്ടികളുടെ വിഭാഗത്തിൽ കിരീടം സ്വന്തമാക്കിയത് - എറണാകുളം


ENTRI

• ഒമ്പതാമത് ഐസിസി വനിതാ ടി20 ലോകകപ്പിന് വേദിയാകുന്ന രാജ്യം - ബംഗ്ലാദേശ്

• നാലാമത് ലോക കേരള സഭയുടെ വേദി - തിരുവനന്തപുരം

• 70 വയസ്സിനു മുകളിലുള്ളവരുടെ പ്രഥമ ലോകകപ്പ് ക്രിക്കറ്റിന് വേദിയാകുന്നത് - ഇംഗ്ലണ്ട്

⇒ 70 വയസ്സിനു മുകളിലുള്ളവരുടെ പ്രഥമ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യൻ ടീമിനെ നയിക്കുന്ന മലയാളി - ഹേമചന്ദ്രൻ നായർ

• 2027-ലെ ഫിഫ വനിതാ ലോകകപ്പിന് ആതിഥേയത്വം വഹിക്കുന്ന രാജ്യം – ബ്രസീൽ

• 2024 വേൾഡ് ഹൈഡ്രജൻ ഉച്ചകോടിക്ക് വേദിയായത് - റോട്ടർഡാം , നെതർലാൻഡ്

• 2026 ലെ എഎഫ്‌സി വനിതാ ഫുട്ബോൾ ഏഷ്യൻ കപ്പിന് ആതിഥേയത്വം വഹിക്കുന്ന രാജ്യം - ഓസ്‌ട്രേലിയ

• 2024ലെ കോപ്പ അമേരിക്ക ഫുട്ബോൾ ടൂർണമെന്റിന് ആതിഥേയത്വം വഹിക്കുന്ന രാജ്യം - യു എസ് എ

• രാജ്യത്തെ ഏറ്റവും വലിയ നൈപുണ്യ മത്സരമായ ഇന്ത്യ സ്‌കിൽസ് 2024 ന് വേദിയായത് - ന്യൂഡൽഹി

⇒ നാഷണൽ സ്‌കിൽ ഡെവലപ്‌മെന്റ് കോർപ്പറേഷൻ (എൻഎസ്‌ഡിസി) ആണ് 2024 ലെ നാല് ദിവസത്തെ ഇന്ത്യാ സ്‌കിൽസ് മത്സരം സംഘടിപ്പിച്ചത്.

• ആണവ സുരക്ഷ സംബന്ധിച്ച അന്താരാഷ്ട്ര സമ്മേളനത്തിന് (ICONS 2024) 2024 ൽ വേദിയായത് - വിയന്ന , ഓസ്ട്രിയ

## പ്രധാന ദിനങ്ങൾ

• അന്താരാഷ്ട്ര തൊഴിലാളി ദിനം - മെയ് 1

⇒ ലോകമെങ്ങുമുള്ള തൊഴിലാളികളുടെ ദിനമായിട്ടാണ് മെയ് ദിനം അഥവാ തൊഴിലാളി ദിനം ആഘോഷിക്കുന്നത്.

⇒ തൊഴിലാളി വർഗത്തിന്റെ കഠിനാധ്വാനത്തെ ആദരിക്കുന്നതിനൊപ്പം തൊഴിൽ അവകാശങ്ങളെ കുറിച്ചും അവരുടെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി പ്രവർത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് അന്താരാഷ്ട്ര തൊഴിലാളി ദിനം ആഘോഷിക്കുന്നത്.

- **ലോക പത്രസ്വാതന്ത്ര്യ ദിനം - മെയ് 03**

⇒ 1993-ൽ ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി മെയ് 3 ലോക പത്രസ്വാതന്ത്ര്യ ദിനമായി പ്രഖ്യാപിച്ചു.

⇒ ദൈനംദിന വാർത്തകൾ ജനങ്ങളെ അറിയിക്കുന്നതിനുവേണ്ടിയുള്ള സാഹസിക യത്നത്തിൽ ഏർപ്പെടുന്നതിനിടയിൽ കൊല്ലപ്പെട്ട പത്രപ്രവർത്തകർക്കും ജയിൽവാസം അനുഭവിക്കുന്നവർക്കും അഭിവാദ്യങ്ങൾ അർപ്പിക്കുന്നതിനായാണ് ഇങ്ങനെയൊരു ദിനാചരണം നടത്തുന്നത്.

⇒ പത്രസ്വാതന്ത്ര്യത്തിന്റെ നിലനിൽപ്പിനുവേണ്ടി പ്രവർത്തിച്ച എല്ലാ വ്യക്തികളെയും സ്ഥാപനങ്ങളെയും ആദരിക്കാനുള്ള യുനെസ്കോയുടെ ഗില്ലർമോ കാനോ വേൾഡ് പ്രസ് ഫ്രീഡം പ്രൈസ് പുരസ്കാരം സമ്മാനിക്കുന്നതും ഈ ദിനത്തിലാണ്.

⇒ 2024-ലെ യുനെസ്കോ ഗില്ലെർമോ കാനോ വേൾഡ് പ്രസ് ഫ്രീഡം പ്രൈസിന്റെ പുരസ്കാര ജേതാക്കളായി ഗാസയിൽ റിപ്പോർട്ട് ചെയ്യുന്ന പലസ്തീൻ പത്രപ്രവർത്തകരെ തിരഞ്ഞെടുത്തു.

- **ലോക റെഡ്ക്രോസ് ദിനം - മെയ് 8**

⇒ 2024 Theme - "I give with joy, and the joy I give is a reward."

⇒ ലോക റെഡ് ക്രോസ് ദിനം റെഡ് ക്രസന്റ് ദിനം എന്നും അറിയപ്പെടുന്നു.

⇒ റെഡ്ക്രോസിന്റെ സ്ഥാപകൻ ഷോൺ ഹെൻറി ഡ്യൂനന്റിന്റെ ജന്മദിനമാണ് മെയ് എട്ട്.1828 മെയ് 8-ന് സ്വിറ്റ്സർലൻഡിലെ ജനീവയിലാണ് ഷോൺ ഹെൻറി ഡ്യൂനന്റ് ജനിച്ചത്.

- **ദേശീയ സാങ്കേതിക ദിനം - മെയ് 11**

⇒ 1998 മെയ് 11 ന് രാജസ്ഥാനിലെ പൊഖ്റാനിൽ നടത്തിയ ഇന്ത്യയുടെ വിജയകരമായ ആണവ പരീക്ഷണങ്ങളുടെ സ്മരണാർത്ഥമാണ് ഈ ദിനം ദേശീയ സാങ്കേതിക ദിനമായി ആചരിക്കുന്നത്.

- **മാതൃദിനം - മെയ് 12**

  ⇒ മെയ് മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് മാതൃദിനമായി ആചരിക്കുന്നത്.

- **ലോക ടെലികമ്മ്യൂണിക്കേഷൻ ദിനം - മെയ് 17**

  ⇒ 2024 Theme - Digital Innovation for Sustainable Development

- **ദേശീയ ഭീകരവാദ വിരുദ്ധ ദിനം - മെയ് 21**

  ⇒ മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി 1991 ൽ ശ്രീപെരുംപുതൂരിൽ വധിക്കപ്പെട്ടതിന്റെ ഓർമ ദിനമാണ് ദേശീയ ഭീകരവാദ വിരുദ്ധ ദിനമായി ആചരിക്കുന്നത്.


  ⇒ ജനങ്ങൾക്കിടയിൽ സമാധാനം, മാനവികത, ഐക്യം, സൗഹാർദ്ദം എന്നിവയുടെ സന്ദേശം പ്രചരിപ്പിക്കുകയും ഭീകരവാദത്തിന്റെ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് അവരെ ബോധവത്കരിക്കുകയും ചെയ്യുക എന്നതാണ് ഈ ദിനാചരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

- **ലോക ഫുട്ബോൾ ദിനം - മെയ് 25**

- **ലോക പുകയില വിരുദ്ധ ദിനം - മെയ് 31**

  ⇒ 2024 Theme - "Protecting Children from Tobacco Industry Interference."


ENTRI


Thank You!
GET IT ON
Google Play